**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3252**
**11.05.2017 ലെ മറുപടിയ്ക്ക്**
**ദേശീയ ഗെയിംസ് സംബന്ധിച്ച അഴിമതി**

| | **ചോദ്യം** | **ഉത്തരം** |
|---|---|---|
| | **പ്രൊഫ.കെ.യു. അരുണൻ** | ബഹു: ധനകാര്യവും കയറും വകുപ്പമന്ത്രി<br>**ഡോ: ടി. എം. തോമസ് ഐസക്** |
| **എ** | മുൻ സർക്കാരിന്റെ കാലത്ത് നടന്ന ദേശീയ ഗെയിംസ് സംബന്ധിച്ച അഴിമതി അന്വേഷിക്കാൻ സംസ്ഥാന ഓഡിറ്റ് വകുപ്പിനെ ചുമതലപ്പെടുത്തിയിരുന്നോ; | കായിക യുവജനകാര്യ (എ) വകുപ്പിന്റെ 18.02.2015 - ലെ സർക്കാർ ഉത്തരവ്(കൈ) നം. 08/2015/കാ.യു.വ. നമ്പർ ഉത്തരവ് പ്രകാരം ദേശീയ ഗെയിംസ് സംബന്ധിച്ച ഓഡിറ്റ് നിർവ്വഹിക്കുന്നതിന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ ചുമതലപ്പെടുത്തിയിരുന്നു. |
| **ബി** | എങ്കിൽ ഓഡിറ്റ് റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; | ഓഡിറ്റ് റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| **സി** | പ്രസ്തുത റിപ്പോർട്ടിൽ എത്ര രൂപയുടെ ക്രമക്കേട് കണ്ടെത്തിയിട്ടുണ്ട്; | ഓഡിറ്റിൽ കണ്ടെത്തിയ നഷ്ടം, അധികച്ചെലവ്, പാഴ് ചെലവ് എന്നിവ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.<br>നഷ്ടം : 3.35 കോടി<br>അധികച്ചെലവ് : 10.56 കോടി<br>പാഴ് ചെലവ് : 10.98 കോടി<br>--------------------<br>ആകെ : 24.89 കോടി |
| **ഡി** | എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്ന് ലഭ്യമായ കേരള ദേശീയ ഗെയിംസിനെ സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ട് ഭരണ വകുപ്പായ കായിക യുവജനകാര്യ വകുപ്പിന് സമർപ്പിക്കുകയും ടി വകുപ്പ് ദേശീയ ഗെയിംസ് സെക്രട്ടേറിയേറ്റിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ നടപടി സ്റ്റേറ്റ്മെന്റ് തുടർ നടപടികൾക്കായി കേരള ഓഡിറ്റ് വകുപ്പിന് കൈമാറുകയും ചെയ്തു. |

അക്കൗണ്ട്സ് ഓഫീസർ